Reg. No. : ....................................

Name : ..........................................

**SY-35**

**SECOND YEAR HIGHER SECONDARY EXAMINATION, MARCH 2022**

Part – III

**ECONOMICS**

Maximum : 80 Scores

Time : 2½ Hours

Cool-off time : 15 Minutes

***General Instructions to Candidates :***

- There is a 'Cool-off time' of 15 minutes in addition to the writing time.
- Use the 'Cool-off time' to get familiar with questions and to plan your answers.
- Read questions carefully before answering.
- Read the instructions carefully.
- Calculations, figures and graphs should be shown in the answer sheet itself.
- Malayalam version of the questions is also provided.
- Give equations wherever necessary.
- Electronic devices except non-programmable calculators are not allowed in the Examination Hall.

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :***

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നല്കിയിട്ടുണ്ട്.
- ആവശ്യമുള്ള സ്ഥലത്ത് സമവാക്യങ്ങൾ കൊടുക്കണം.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

## PART – I

**A. Answer any 4 questions from 1 to 6. Each carries 1 score. (4 × 1 = 4)**

1. The book ‘General Theory of Employment, Interest and Money’ was written by
   (a) Adam Smith (b) Alfred Marshall
   (c) J.M. Keynes (d) David Ricardo

2. Profit is the difference between
   (a) Total Revenue and Total Cost
   (b) Total Revenue and Total Variable Cost
   (c) Total Revenue and Total Fixed Cost
   (d) Marginal Revenue and Marginal Cost

3. At the Break-even-point, the firm faces
   (a) Super normal profit (b) Normal profit
   (c) Abnormal profit (d) Loss

4. The want satisfying capacity of a commodity is known as
   (a) Demand (b) Supply
   (c) Utility (d) Elasticity of demand

5. Which one of the following is a Stock Variable ?
   (a) Wealth (b) Income
   (c) Investment (d) GDP

6. Which of the following is included in the current account of balance of payment (BoP) ?
   (a) External borrowing (b) Purchase of assets
   (c) Foreign Direct Investment (d) Trade in goods

**B. Answer all questions from 7 to 10. Each carries 1 score. (4 × 1 = 4)**

7. The market with a few sellers is known as :
   (a) Perfect competition (b) Oligopoly
   (c) Monopolistic competition (d) Monopoly

## PART – I

**A. 1 മുതൽ 6 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. 1 സ്കോർ വീതം.** **(4 × 1 = 4)**

1. ദി ജനറൽ തിയറി ഓഫ് എംപ്ലോയ്മെന്റ്, ഇന്ററസ്റ്റ് ആന്റ് മണി എന്ന പുസ്തകം എഴുതുയത്.
   (a) ആഡം സ്മിത്ത് (b) ആൽഫ്രഡ് മാർഷൽ
   (c) ജെ.എം. കെയിൻസ് (d) ഡേവിഡ് റിക്കാർഡോ

2. താഴെ നൽകിയിരിക്കുന്നതിൽ ഏതൊക്കെ തമ്മിലുള്ള വ്യത്യാസമാണ് ലാഭം.
   (a) മൊത്തം വരുമാനവും മൊത്തം ചെലവും
   (b) മൊത്തം വരുമാനവും മൊത്തം വിഭേദക ചെലവും
   (c) മൊത്തം വരുമാനവും മൊത്തം സ്ഥിര ചെലവും
   (d) സീമാന്ത വരുമാനവും സീമാന്ത ചെലവും

3. ബ്രേക്ക്-ഈവൻ-പോയിന്റിൽ ഒരു ഉല്പാദനയൂണിറ്റ് അഭിമുഖീകരിക്കുന്നത്.
   (a) അമിത ലാഭം (b) സാധാരണ ലാഭം
   (c) അസാധാരണ ലാഭം (d) നഷ്ടം

4. ആവശ്യം സംതൃപ്തികരിക്കാനുള്ള ഒരു വസ്തുവിന്റെ കഴിവ് അറിയപ്പെടുന്നത്.
   (a) ചോദനം (b) പ്രദാനം
   (c) ഉപയുക്തത (d) ചോദനത്തിന്റെ ഇലാസ്തികത

5. താഴെ നൽകിയിരിക്കുന്ന ചരങ്ങളിൽ ശേഖരമേതാണ്?
   (a) സമ്പത്ത് (b) വരുമാനം
   (c) നിക്ഷേപം (d) GDP

6. താഴെ നൽകിയിരിക്കുന്നവയിൽ ഏതാണ് അടവു ശിഷ്ടത്തിലെ (BoP) കറന്റ് എക്കൗണ്ടിൽ ഉൾപ്പെടുന്നത്?
   (a) വിദേശ വായ്പ (b) ആസ്തികൾ വാങ്ങൽ
   (c) വിദേശ പ്രത്യക്ഷ നിക്ഷേപം (d) ചരങ്ങകളുടെ വ്യാപാരം

**B. 7 മുതൽ 10 വരെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. 1 സ്കോർ വീതം.** **(4 × 1 = 4)**

7. വളരെ കുറച്ച് വില്പനക്കാർ മാത്രമുള്ള കമ്പോളം അറിയപ്പെടുന്നത്:
   (a) പൂർണ്ണ മത്സര കമ്പോളം (b) അല്പാധീശത്വം
   (c) കുത്തകാധിഷ്ഠിത മത്സരം (d) കുത്തക

8. The price elasticity of the following demand curve is




(a) $e^D > 1$ (b) $e^D < 1$

(c) $e^D = \propto$ (d) $e^D = 0$

9. In a perfectly competitive market with free entry and exit, the equilibrium price is

(a) equal to min AC (b) greater than AC

(c) less than AC (d) equal to min MC

10. The ratio of nominal GDP to real GDP is

(a) Consumer Price Index (b) Wholesale Price Index

(c) GDP Deflator (d) Producer Price Index

## PART – II

**A. Answer any 3 questions from 11 to 15. Each carries 2 scores. (3 × 2 = 6)**

11. Write two examples for substitute goods and complementary goods.

12. Distinguish between short-run and long-run in the production process.

13. What do you mean by market equilibrium ?

14. Elucidate intermediate goods with example.

15. Write the appropriate economic term for the following :

(a) The rate of change of consumption as income changes.

(b) The rate of change of saving as income changes.

8. താഴെ നൽകിയിരിക്കുന്ന ചോദന വക്രത്തിന്റെ വില ഇലാസ്തികത




(a) $e^D > 1$ (b) $e^D < 1$
(c) $e^D = \propto$ (d) $e^D = 0$

9. ആഗമന ബഹിർഗമന സ്വാതന്ത്ര്യമുള്ള പൂർണ്ണ മത്സര കമ്പോളത്തിൽ സന്തുലിത വില
   (a) മിനിമം AC യ്ക്കു തുല്യമായിരിക്കും
   (b) AC യേക്കാൾ കൂടുതലയിരിക്കും
   (c) AC യേക്കാൾ കുറവായിരിക്കും
   (d) മിനിമം MC യ്ക്കു തുല്യമായിരിക്കും

10. പണാത്മക (nominal) GDP യും യഥാർത്ഥ (real) GDP യും തമ്മിലുള്ള അനുപാതമാണ്.
   (a) ഉപഭോക്തൃവില സൂചിക (b) മോത്ത വില സൂചിക
   (c) GDP ഡിഫ്ലേറ്റർ (d) ഉല്പാദക വില സൂചിക

## PART – II

**A. 11 മുതൽ 15 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരമെഴുതുക. 2 സ്കോർ വീതം.** **(3 × 2 = 6)**

11. പ്രതിസ്ഥാപന വസ്തുക്കൾക്കും പരസ്പര പൂരക വസ്തുക്കൾക്കും രണ്ട് ഉദാഹരണങ്ങൾ വീതം എഴുതുക.

12. ഉല്പാദന പ്രക്രിയയിൽ ഹ്രസ്വ കാലയളവും ദീർഘ കാലയളവും എന്തെന്ന് വേർതിരിച്ചെഴുതുക.

13. കമ്പോള സംതുലിതാവസ്ഥ എന്നതു കൊണ്ടർത്ഥമാക്കുന്നതെന്ത് ?

14. ഇട നില ഉല്പന്നങ്ങൾ (intermediate goods) ഉദാഹരണ സഹിതം വ്യക്തമാക്കുക.

15. താഴെ നൽകിയവയ്ക്ക് അനുയോജ്യമായ സാമ്പത്തിക പദം എഴുതുക :
   (a) വരുമാനത്തിൽ മാറ്റമുണ്ടാകുമ്പോൾ ഉപഭോഗത്തിൽ മാറ്റമുണ്ടാകുന്നതിന്റെ നിരക്ക്.
   (b) വരുമാനത്തിൽ മാറ്റമുണ്ടാകുമ്പോൾ സമ്പാദ്യത്തിൽ മാറ്റമുണ്ടാകുന്നതിന്റെ നിരക്ക്.

**B. Answer any 2 questions from 16 to 18. Each carries 2 scores. (2 × 2 = 4)**

16. List the major sectors in an economy according to the macro economic point of view.

17. When price of Apple increased by 20 percent, the quantity supplied of Apple increased by 30 percent. Calculate the price elasticity of supply.

18. Mention two motives behind the demand for money.

## PART – III

**A. Answer any 3 questions from 19 to 23. Each carries 4 scores. (3 × 4 = 12)**

19. Distinguish between centrally planned economy and market economy.

20. What are the main functions of money ?

21. (a) List the characteristics of monopoly market. **(2)**

    (b) Draw the average revenue and marginal revenue curves of the monopoly market. **(2)**

22. Equilibrium output and aggregate demand are determined in the following diagram :

    (a) Identify the components of Aggregate Demand. **(2)**

    (b) Show the changes in the equilibrium when autonomous expenditure increases. **(2)**




23. Explain the objectives of government budget.

**B. Answer any 1 question from 24 to 25. Carries 4 scores. (1 × 4 = 4)**

24. (a) Draw Marginal Product Curve and Average Product Curve in a single diagram. **(2)**

    (b) Identify any two relationship between them. **(2)**

B. 16 മുതൽ 18 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക. 2 സ്കോർ വീതം. **(2 × 2 = 4)**

16. സ്ഥൂല സാമ്പത്തിക കാഴ്ചപ്പാടിൽ, ഒരു സമ്പദ് വ്യവസ്ഥയിലെ പ്രധാന മേഖലകളേതൊക്കെയെന്ന് ലിസ്റ്റ് ചെയ്യുക.

17. ആപ്പിളിന്റെ വില 20 ശതമാനം വർദ്ധിച്ചപ്പോൾ അതിന്റെ പ്രദാനം 30 ശതമാനം വർദ്ധിച്ചു. പ്രദാനത്തിന്റെ വില ഇലാസ്തികത കണക്കാക്കുക.

18. പണത്തിന്റെ ചോദനത്തിനു പിന്നിലുള്ള രണ്ട് പ്രേരണകൾ സൂചിപ്പിക്കുക.

## PART – III

A. 19 മുതൽ 23 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരമെഴുതുക. 4 സ്കോർ വീതം. **(3 × 4 = 12)**

19. കേന്ദ്രീകൃത ആസൂത്രണ സമ്പദ് വ്യവസ്ഥയും കമ്പോളസമ്പദ് വ്യവസ്ഥയും എന്തെന്ന് വേർതിരിച്ചെഴുതുക.

20. പണത്തിന്റെ പ്രധാന ധർമ്മങ്ങൾ ഏവ ?

21. (a) കുത്തക കമ്പോളത്തിന്റെ സവിശേഷതകൾ ലിസ്റ്റ് ചെയ്യുക. **(2)**
    (b) കുത്തക കമ്പോളത്തിലെ ശരാശരി വരുമാന വക്രവും സീമാന്ത വരുമാന വക്രവും വരക്കുക. **(2)**

22. താഴെ കൊടുത്ത ഡയഗ്രത്തിൽ സന്തുലിത ഉല്പന്നവും സഞ്ചിത ചോദനവും (AD) നിർണ്ണയിച്ചിരിക്കുന്നു. :
    (a) സഞ്ചിത ചോദനത്തിന്റെ (AD) ഘടകങ്ങൾ തിരിച്ചറിയുക. **(2)**
    (b) സ്വയം പ്രചോദിത ചെലവ് (Autonomous expenditure) വർദ്ധിച്ചാൽ സന്തുലിതാവസ്ഥയിലുണ്ടാകുന്ന മാറ്റം ഡയഗ്രത്തിൽ കാണിക്കുക. **(2)**




23. സർക്കാർ ബജറ്റിന്റെ ലക്ഷ്യങ്ങൾ വിശദീകരിക്കുക.

B. 24 മുതൽ 25 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരമെഴുതുക. 4 സ്കോർ. **(1 × 4 = 4)**

24. (a) സീമാന്ത ഉല്പന്ന വക്രം, ശരാശരി ഉല്പന്ന വക്രം എന്നിവ ഒരേ ഡയഗ്രത്തിൽ വരക്കുക. **(2)**
    (b) അവ തമ്മിലുള്ള ഏതെങ്കിലും രണ്ട് ബന്ധങ്ങൾ തിരിച്ചറിയുക. **(2)**

25. Match the following :

| A | B |
|---|---|
| GDPat Factor Cost | $GNP_{MP}$ – Depreciation |
| NNPat Factor Cost | $GDP_{MP}$ – Depreciation |
| NDPat Market Price | $NDP_{FC}$ + NFIA |
| NNPat Market Price | $GDP_{MP}$ – Net Indirect Tax |

## PART – IV

**A. Answer any 3 questions from 26 to 29. Each carries 6 scores. (3 × 6 = 18)**

26. (a) Complete the short-run costs table. **(3)**

| Output | TFC | TVC | TC | SAC | SMC |
|---|---|---|---|---|---|
| 0 | 20 | 0 | | – | – |
| 1 | 20 | 20 | | | |
| 2 | 20 | 30 | | | |
| 3 | 20 | 34 | | | |
| 4 | 20 | 40 | | | |
| 5 | 20 | 60 | | | |
| 6 | 20 | 100 | | | |

(b) Draw SAC and SMC curves in a single diagram. **(3)**

27. Distinguish Price Ceiling and Price Floor with the help of diagrams.

28. Differentiate the following with examples :

(a) Revenue Receipts and Capital Receipts **(3)**

(b) Revenue Expenditure and Capital Expenditure **(3)**

29. (a) What do you mean by Exchange Rate ? **(2)**

(b) Briefly explain Flexible Exchange Rate and Fixed Exchange Rate. **(4)**

25. ചേരുംപടി ചേർക്കുക :

| A | B |
|---|---|
| ജി.ഡി.പി. ഘടക ചെലവ് അടിസ്ഥാനമാക്കി ($GDP_{FC}$) | $GNP_{MP}$ – തേയ്മാനം |
| എൻ.എൽ.പി. ഘടക ചെലവ് അടിസ്ഥാനമാക്കി ($NNP_{FC}$) | $GDP_{MP}$ – തേയ്മാനം |
| എൻ.ഡി.പി. കമ്പോള വിലയിൽ ($NDP_{MP}$) | $NDP_{FC}$ + NFIA |
| എൻ.എൻ.പി. കമ്പോള വിലയിൽ ($NNP_{MP}$) | $GDP_{MP}$ – അറ്റ പരോക്ഷനികുതി |

## PART – IV

**A. 26 മുതൽ 29 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരമെഴുതുക. 6 സ്കോർ വീതം.** **(3 × 6 = 18)**

26. (a) ഹ്രസ്വകാല ചെലവുകൾ കാണിക്കുന്ന പട്ടിക പൂർത്തീകരിക്കുക. **(3)**

| ഉല്പന്നം | TFC | TVC | TC | SAC | SMC |
|---|---|---|---|---|---|
| 0 | 20 | 0 | | – | – |
| 1 | 20 | 20 | | | |
| 2 | 20 | 30 | | | |
| 3 | 20 | 34 | | | |
| 4 | 20 | 40 | | | |
| 5 | 20 | 60 | | | |
| 6 | 20 | 100 | | | |

(b) SAC, SMC വക്രങ്ങൾ ഒരേ ഡയഗ്രത്തിൽ വരക്കുക. **(3)**

27. ഡയഗ്രത്തിന്റെ സഹായത്തോടെ വില പരിധിയും തറവിലയും തമ്മിൽ വേർതിരിച്ചെഴുതുക.

28. താഴെ നൽകിയിരിക്കുന്നവയെ ഉദാഹരണ സഹിതം വേർതിരിച്ചെഴുതുക :

(a) റവന്യൂ വരുമാനവും മൂലധന വരുമാനവും **(3)**

(b) റവന്യൂ ചെലവും മൂലധന ചെലവും **(3)**

29. (a) വിനിമയ നിരക്ക് എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്താണ്? **(2)**

(b) അസ്ഥിര (Flexible) വിനിമയ നിരക്കും സ്ഥിര (Fixed) വിനിമയ നിരക്കും ചുരുക്കി വിവരിക്കുക. **(4)**

**B. Answer any 2 questions from 30 to 32. Each carries 6 scores. (2 × 6 = 12)**

30. Explain the monetary policy tools of RBI to control money supply in the Indian Economy.

31. (a) Compare Open Economy and Closed Economy. **(2)**

(b) Explain the three ways in which an economy interact with rest of the world. **(4)**

32. Observe the following diagram :




Draw the changes in budget line when

(a) Income increased from ₹ 50 to ₹ 70. **(3)**

(b) Price of $X_1$ decreased from ₹ 10 to ₹ 5. **(3)**

## PART – V

**Answer any 2 questions from 33 to 35. Each carries 8 scores. (2 × 8 = 16)**

33. (a) What are the features of indifference curve ? **(3)**

(b) Diagrammatically explain the optimal choice of the consumer. **(5)**

34. (a) Identify the three methods of measuring National Income. **(3)**

(b) Explain any two methods of measuring National Income. **(5)**

35. (a) What are the features of a perfect competitive market. **(3)**

(b) Diagrammatically explain the profit maximisation conditions of perfect competitive firm in the short-run. **(5)**

**B. 30 മുതൽ 32 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക. 6 സ്കോർ വീതം. (2 × 6 = 12)**

30. ഇന്ത്യൻ സമ്പദ് വ്യവസ്ഥയിലെ പണത്തിന്റെ പ്രദാനം നിയന്ത്രിക്കുന്നതിനായി RBI ഉപയോഗിക്കുന്ന പണനയ ഉപാധികൾ വിവരിക്കുക.

31. (a) തുറന്ന സമ്പദ് വ്യവസ്ഥയും അടഞ്ഞ സമ്പദ് വ്യവസ്ഥയും താരതമ്യം ചെയ്യുക. **(2)**

(b) ഒരു സമ്പദ് വ്യവസ്ഥ മറ്റ് ലോകസമ്പദ് വ്യവസ്ഥകളുമായി ബന്ധപ്പെടുന്നതിനുള്ള മൂന്ന് മാർഗ്ഗങ്ങൾ വിശദീകരിക്കുക. **(4)**

32. താഴെ നൽകിയിരിക്കുന്ന ഡയഗ്രം നിരീക്ഷിക്കുക :




താഴെ നൽകിയിരിക്കുന്ന ബജറ്റ് ലൈനിലെ മാറ്റങ്ങൾ ഡയഗ്രത്തിൽ രേഖപ്പെടുത്തുക.

(a) വരുമാനം 50 രൂപയിൽ നിന്നും 70 രൂപയായി വർദ്ധിക്കുന്നു. **(3)**

(b) $X_1$ ന്റെ വില 10 രൂപയിൽ നിന്നും 5 രൂപയായി കുറയുന്നു. **(3)**

## PART – V

**33 മുതൽ 35 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക. 8 സ്കോർ വീതം. (2 × 8 = 16)**

33. (a) ഉദാസീന വക്രത്തിന്റെ സവിശേഷതകൾ എന്തെല്ലാം ? **(3)**

(b) ഡയഗ്രത്തിന്റെ സഹായത്തോടെ ഉപഭോക്താവിന്റെ അനുകൂലത (optimal) തെരഞ്ഞെടുപ്പ് വിശദീകരിക്കുക. **(5)**

34. (a) ദേശീയ വരുമാനം കണക്കാക്കുന്നതിനുള്ള മൂന്ന് രീതികൾ തിരിച്ചറിയുക. **(3)**

(b) ദേശീയ വരുമാനം കണക്കാക്കുന്നതിനുള്ള ഏതെങ്കിലും രണ്ട് രീതികൾ വിശദീകരിക്കുക. **(5)**

35. (a) പൂർണ്ണ മത്സര കമ്പോളത്തിന്റെ സവിശേഷതകൾ എന്തെല്ലാം. **(3)**

(b) ഡയഗ്രത്തിന്റെ സഹായത്തോടെ, ഹ്രസ്വകാലയളവിൽ പൂർണ്ണ മത്സര കമ്പോളത്തിലെ ഉല്പാദനയൂണിറ്റ് ലാഭം പരമാവധിയാക്കുന്നതിനുള്ള വ്യവസ്ഥകൾ വിശദീകരിക്കുക. **(5)**